**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1002** **24-02-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം നിയോജകമണ്ഡലത്തിലെ മേൽമുറി കുടിവെള്ള പദ്ധതി, ഇരുമ്പുഴി കരുമാഞ്ചേരി പറമ്പ് കുടിവെള്ള പദ്ധതി എന്നിവ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | മലപ്പുറം നിയോജകമണ്ഡലത്തിലെ മലപ്പുറം മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ട മേൽമുറി കുടിവെള്ള പദ്ധതിക്കായി 50 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും 2021-22 സാമ്പത്തിക വർഷത്തിൽ നഗര ജലവിതരണ ശീർഷകത്തിൽ 45 കോടി രൂപ മാത്രം ബഡ്ജറ്റിൽ അനുവദിച്ചിരുന്നതിനാൽ സ്റ്റേറ്റ് പ്ലാൻ 2021-22 ൽ മേല്പറഞ്ഞ പദ്ധതി ഉൾപെടുത്താൻ സാധിച്ചിരുന്നില്ല. സ്റ്റേറ്റ് പ്ലാൻ 2022-23 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ മേല്പറഞ്ഞ പ്രദേശം മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ട പ്രദേശമായതിനാൽ അർബൻ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്. ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ഇരുമ്പുഴി കരുമഞ്ചേരിപ്പറമ്പ് ഉൾപ്പെട്ട പഞ്ചായത്തിലെ വാർഡ് 1, 2, 3, 17 മുതൽ 23 വരെയുള്ള പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി കടലുണ്ടിപ്പുഴ സ്രോതസ്സായി കിണറും, ജലശുദ്ധീകരണ ശാല യും വിതരണ ശൃംഖലയും ഉൾപ്പെടുത്തി ഭരണാനുമതി നൽകി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഇരു പദ്ധതിക്കും ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | മേൽമുറി പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടില്ല. ഇരുമ്പുഴി കരുമഞ്ചേരിപ്പറമ്പ് ഉൾപ്പെട്ട ആനക്കയം പഞ്ചായത്തിലെ പുതുക്കിയ പദ്ധതിക്ക് ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഭരണാനുമതി നല്കുന്ന മുറയ്ക്ക് പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുവാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ